بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 12/06/2015

**(24 SHABAAN 1436 Hijiri)**

**Hazrat Khalifathullah Munir Ahmad Azim (A)**

## The ways of Satan to keep man from the straight path

## നേർപാതയിൽ നിന്നും മനുഷ്യനെ വഴിതെറ്റിക്കുന്ന സാത്താന്റെ വഴികൾ

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാത്തിഹാ ഓതിയ ശേഷം പറഞ്ഞു.

റമദാൻ ആസന്നമായി വരുന്നതിനാൽ, സാത്താൻ നമുക്കെതിരായി സമീപിക്കുന്നത് സംബന്ധമായി സംസാരിക്കുന്നത് നമുക്ക് പ്രയോജനകരമെന്ന് കരുതുന്നു. അല്ലാഹുവിനെ സ്മരിക്കുന്നതിൽ നിന്ന് നമ്മുടെ ഓരോ നിമിഷവും അവൻ കവർന്നെടുത്തേക്കാം. ഇൻശാ അല്ലാഹ് ! ഇത് നമുക്കെല്ലാപേർക്കും വേണ്ടിയാണ്. ഒന്നാമത് എനിക്കുവേണ്ടി, ഒരു വിനീത ഓർമ്മപ്പെടുത്തകാരൻ, റമദാൻ മാസത്തിലെ ആത്മീയ തയ്യാറെടുപ്പിനുവേണ്ടിയുള്ള ഒരു സംഭാവന, ലക്ഷ്യം ഒന്നുമാത്രം, അതെ, സമയം ആസന്നമാകുമ്പോൾ, ഇൻശാ അല്ലാഹ് ഈ അനുഗ്രഹീത ദിവസങ്ങളിൽ ഏറ്റവും നല്ല പ്രതിഫലങ്ങൾക്കായി നമ്മുടെ കഴിവിന്റെ പരമാവധി ചെയ്യുന്നതാണ്.

വിശുദ്ധ ഖുർആനിൽ അല്ലാഹു (ത) സാത്താനോട് പറയുന്ന ഭാഗം നമുക്ക് ഇങ്ങനെ വായിക്കാം. **" നിന്റെ ശബ്ദം കൊണ്ട് നിനക്ക് സാധിക്കുന്നവരെയെല്ലാം നീ വശീകരിച്ചുകൊള്ളുക. നിന്റെ കുതിരപ്പടയും, കാലാൾപ്പടയും കൊണ്ട് നീ അവർക്കെതിരിൽ കടന്നാക്രമണം നടത്തുക. സമ്പത്തിലും സന്തതികളിലും നീ അവരോട് പങ്കുചേരുകയും ചെയ്യുക. നീ അവരോട് വാഗ്ദാനം ചെയ്യുക. പിശാച് വഞ്ചനയല്ലാതെ അവരോട് വാഗ്ദാനം ചെയ്യുന്നില്ല. എന്റെ ദാസന്മാരാകട്ടെ, നിനക്ക് ഒരിക്കലും അവരുടെ മേൽ ഒരു സ്വാധീന ശക്തിയും ഉണ്ടാകുന്നതല്ല. നിന്റെ നാഥൻ രക്ഷാധികാരിയായി നിനക്ക് മതിയായവനാണ്."** (17:65,66)

ഈ വചനം നമുക്ക് നൽകുന്ന വിവരം, സാത്താനും അവന്റെ സൈന്യവും ഉപയോഗിക്കുന്ന പ്രധാന വഴികളെക്കുറിച്ചാണ്. മനുഷ്യരിൽ അവർക്ക് അധീശത്വം നേടുവാനും എന്നിട്ട് അവരെ നേർപാതയിൽ നിന്നും വ്യതിചലിപ്പിക്കുന്നതിന് വേണ്ടിയുള്ള പരിശ്രമങ്ങളെക്കുറിച്ചാണ്. അവർ പ്രവർത്തിക്കുന്ന വഴികൾ – തന്റെ പഞ്ചേന്ദ്രിയത്തിലൂടെ, പ്രസ്തുത വചനത്തിൽ പറഞ്ഞ പ്രകാരം **" നിന്റെ ശബ്ദം കൊണ്ട് നിനക്ക് സാധിക്കുന്നവരെയെല്ലാം വശീകരിച്ചുകൊള്ളുക". – അനുസരണക്കേടിലൂടെ "നിന്റെ കുതിരപ്പടയും, കാലാൾപ്പടയും കൊണ്ട് നീ അവർക്കെതിരിൽ കടന്നാക്രമണം നടത്തുക."** അല്ലാഹുവിനെ അനുസരിക്കാതെയുള്ളവരെയെല്ലാം ചേർത്താണ് അവന്റെ കുതിരപ്പടയും കാലാൾപ്പടയുമായി രംഗത്ത് വരുന്നത്. തന്നിൽ കുടികൊണ്ടിരിക്കുന്ന ജന്മ വാസനകളിലൂടെ, തന്നിലുള്ള സഹജമായ ഗുണങ്ങളാൽ അവന്റെ വ്യക്തിത്വം രൂപം കൊള്ളുകയും, അവൻ സ്വയം തന്നിൽ നിന്നും സാഹചര്യങ്ങളിൽ നിന്നും വളർത്തിയെടുക്കുന്ന തോന്നലുകളും അഥവാ അനുഭവങ്ങളും **"സമ്പത്തിലും സന്തതികളിലും നീ അവരോട് പങ്കുചേരുക." അവന്റെ ബുദ്ധിക്കും മനസ്സിനും നേരിട്ട് നിർദ്ദേശങ്ങൾ നൽകിയും " നീ അവരോട് വാഗ്ദാനം ചെയ്യുക"**

ബാഹ്യമായോ അല്ലെങ്കിൽ ആന്തരികമായോ ആയ വഴികളിലൂടെ സാത്താൻ അവരുടെ ഹൃദയങ്ങളിലേക്ക് നുഴഞ്ഞു കയറുകയും ചെയ്യുന്നതാണ്, അത് പ്രത്യക്ഷമാവാം പരോക്ഷമാവാം. ഒരു വിശ്വാസി എപ്പോഴും

ജാഗ്രതയുള്ളവനായിരിക്കണം, തന്റെ പ്രതിജ്ഞ എടുത്ത ശത്രുവിന്റെ, വിവിധ തരത്തിലുള്ള ആക്രമണങ്ങളെ നേരിടുവാൻ. ഇത് സംബന്ധമായി വിശുദ്ധ ഖുർആൻ പറയുന്നു.

**“അവൻ പറഞ്ഞു. ” നീ എന്നെ വഴിതെറ്റിയവനായി വിധിച്ച കാരണത്താൽ അവരെ വഴി പിഴപ്പിക്കുവാൻ നിശ്ചയമായും നിന്റെ നേർമാർഗത്തിൽ ഞാൻ പതിയിരിക്കുക തന്നെ ചെയ്യും. പിന്നീട് തീർച്ചയായും ഞാൻ അവരുടെ മുൻഭാഗത്തു കൂടിയും, അവരുടെ പിൻഭാഗത്ത് കൂടിയും, അവരുടെ വലത് വശത്ത്കൂടിയും, അവരുടെ ഇടതുവശത്തുകൂടിയും അവരുടെ അടുക്കൽ ചെല്ലും. (അപ്പോൾ) അവരിൽ അധികം പേരെയും നീ നന്ദിയുള്ളവരായി കാണുകയില്ല. (7:17,18) ”**

ഇത് സംബന്ധമായി, പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) തന്റെ അനുചരന്മാർക്ക് വ്യക്തമായ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അബ്ദുല്ലാഹ് ഇബ്ന് മസ്ഊദ് (റ) വിവരിക്കുന്നു. **“അല്ലാഹുവിന്റെ ദൂതൻ (സ) ഞങ്ങൾക്ക് വേണ്ടി ഒരു വര വരച്ചു. എന്നിട്ട് പറഞ്ഞു. ഇത് അല്ലാഹുവിന്റെ പാതയാണ്. എന്നിട്ട് പ്രവാചകൻ (സ) ആ നേർ പാതയുടെ ഇടത്തും വലത്തുമായി അനേകം വരകൾ വരച്ചു. എന്നിട്ട് പ്രവാചകൻ (സ) പറഞ്ഞു. “ഇവകൾ പലതരത്തിലുള്ള വഴികളാണ്. ഓരോ വഴിയിലും ഓരോ സാത്താൻ കൊടിയുമായി ഇരിപ്പുണ്ട്. അവനിലേക്ക് ചെല്ലാൻ ആവശ്യപ്പെട്ടുകൊണ്ട്”** എന്നിട്ട് പ്രവാചകൻ (സ) ഖുർ ആനിലെ ഈ വചനം ഓതുകയുണ്ടായി. **“ (പറയുക) ഇത് തന്നെയാണ് എന്റെ നേരായ മാർഗ്ഗം. അതിനാൽ നിങ്ങൾ അത് പിൻ പറ്റുക. (മറ്റു മാർഗ്ഗങ്ങളെ നിങ്ങൾ പിൻപറ്റരുത് അപ്പോൾ അവ നിങ്ങളെ അവന്റെ മാർഗ്ഗത്തിൽ നിന്ന് തെറ്റിച്ച് ഭിന്നിപ്പിച്ചു കളയും. അവൻ ഇതിനെ സംബന്ധിച്ച് നിങ്ങളോട് അനുശാസിക്കുന്നു. നിങ്ങൾ സൂക്ഷ്മത കൈക്കൊള്ളുന്നതിനുവേണ്ടി” (6:154) (മുസ്നദ് അഹ്മദ്)**

പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) തക്കതായ ഒരു കാരണം ഇല്ലാതെയല്ലാ ഇത് പറഞ്ഞത് അതായത് അല്ലാഹു (ത) രൂപപ്പെടുത്തിയ പാതയുടെ വളരെ സമീപത്താണ് മറ്റു പാതകൾ ഉള്ളത്. അത്കൊണ്ട് അതിലംഘിക്കപ്പെടാനും, നിരോധിക്കപ്പെട്ടതിൽ വീണുപോകാനും ഏറെ സാധ്യതയുള്ളവരാണ്. അതുകൊണ്ട് തന്നെ സദാ ജാഗ്രതയിലായിരിക്കേണ്ടതാണ്.

നിങ്ങൾ വിചാരിക്കും നിങ്ങൾ മതപരമായ ആളാണെന്നും അല്ലാഹുവിനോട് അടുത്ത ആളാണെന്നും, എന്നാൽ സാത്താൻ നിങ്ങളിൽ സംശയം വിതയ്ക്കും, എന്നിട്ട് നിങ്ങളെ നേർപാതയിൽ നിന്നും വഴിതെറ്റിക്കും. ചില ആന്തരിക വാതിലുകളെക്കുറിച്ച് ഓർമ്മിപ്പിക്കുന്നത് അനുയോജ്യമായിരിക്കുമെന്ന് കരുതുന്നു - കാരണം അത് മനുഷ്യന്റെ വിചാര വികാരങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നതാണ്. സാത്താൻ അതാണ് കൂടുതലായും ഉപയോഗപ്പെടുത്തുന്നത്. അവന്റെ ദുഷ് സ്വാധീനത്താൽ മനുഷ്യ ഹൃദയങ്ങളിൽ കടന്നുകൂടുവാൻ കഴിവുള്ളവനാണ്. **അങ്ങനെ സംഭവിക്കുമ്പോൾ ഉണ്ടാകുന്ന അവസ്ഥകൾ കോപം :-** തന്റെ സ്വയം നിയന്ത്രണം നഷ്ടമാകത്തക്ക നിലയിൽ മനുഷ്യന്റെ ആക്രമണ പ്രകൃതി അവനിൽ കൊണ്ടു വരുവാൻ കഴിയുന്നു. അങ്ങനെ സാത്താന് ഒരു സുവർണ്ണാവസരം ലഭ്യമാകുന്നു. **അവൻ ഉദ്ദേശിക്കുന്ന തരത്തിൽ അവനെ ഉപയോഗിക്കുവാനും, ഇളക്കി വിടുവാനും കഴിയുന്നു. ഇച്ഛ:-** ഇച്ഛ നിയന്ത്രിച്ചില്ലെങ്കിൽ, വളരെ ഗുരുതരമായ പാപത്തിലേക്ക് മനുഷ്യനെ നയിക്കുന്നു. ഒരൊറ്റ നോട്ടത്തിൽ തന്നെ വ്യഭിചാരത്തിലേക്കെത്തിച്ചേരാം. അനാവശ്യ ചിന്തകളിലും ദിവാ സ്വപ്നങ്ങളിലും എത്തിച്ചേരാം. സാത്താൻ നികൃഷ്ടമായ ഒരു ചതി പ്രയോഗിക്കുന്നതിലൂടെ നിങ്ങളുടെ മനസ്സിനെ കബളിപ്പിക്കുവാൻ കഴിയും. അവിടെ അവൻ നിങ്ങളെ ഒരു ബിന്ദുവിൽ പരീക്ഷിക്കുന്നു. അല്ലാഹുവിന്റെ സത്യതയ്ക്കെതിരിൽ ! സൃഷ്ടികളെ ഭയക്കുന്നതിന് പ്രേരിപ്പിക്കുന്നു; മോശ പ്രവർത്തി ചെയ്യുവാൻ പ്രേരിപ്പിക്കുന്നു. അതൊരു വ്യാമോഹം കൊണ്ടാവാം, കോപം കൊണ്ടാവാം, ഇച്ഛ കൊണ്ടാവാം. അങ്ങനെ നഫ്സിന്റെ ഇച്ഛ നിങ്ങളിലുള്ള ആത്മീയതയെ കടത്തിവെട്ടുന്നു.

**അസൂയയും പകയും: –** അസൂയയും പകയും ഈ രണ്ടു മനോഭാവങ്ങൾ മനുഷ്യനെ പൂർണ്ണമായും അന്ധനും ബധിരനുമാക്കിമാറ്റുന്നു. ഇത് രണ്ടും അവരുടെ ഉത്തരവാദിത്വ ബോധത്തെ മറപ്പിച്ചുകളയുന്നു. ഇവ രണ്ടുമാണ് അതായത് അസൂയയും പകയും ഇബ്ലീസിന് നഷ്ടവും ശാപവും വരുത്തി വച്ചത്! ഇവ രണ്ടുമാണ് ഇബ്‌ലീസിനെ ആദം (അ) നെ അനുസരിക്കുന്നതിൽ നിന്നും തടഞ്ഞത് ! ആദം (അ) നും അദ്ദേഹത്തിന്റെ പത്നിക്കും തെറ്റു പറ്റിയതും ഈ അത്യാഗ്രഹം തന്നെയായിരുന്നു; ഏതൊരു വൃക്ഷത്തെ സമീപിക്കരുതെന്നും കനിഭക്ഷിക്കരുതെന്നും വിരോധിച്ചുവോ (അതു ചെയ്യുകയുണ്ടായി)

ഭൗതിക വസ്തുക്കളോടുള്ള അതിയായ ആഗ്രഹവും, ദാരിദ്രത്തോടുള്ള ഭയവും, അമിത ധനേച്ഛയും:- സാത്താൻ ഈ വിചാരങ്ങളെ മനുഷ്യനിൽ ഉത്തേജിപ്പിക്കുന്നു. ഇത് ക്രമേണ വളർത്തി, ഇതനുസരിച്ചുള്ള ഒരു ജീവിത ക്രമം രൂപപ്പെടുത്തി അവനെ ഭൗതിക അടിത്തറയിൽ മാത്രമുള്ള ഒരു ജീവിതത്തിലേക്ക് കൊണ്ടെത്തിക്കുന്നു. ഒരിക്കലും നേടാൻ കഴിയാത്ത ലക്ഷ്യങ്ങൾക്ക് പുറകെ പോകുന്നു. അങ്ങനെ അവന്റെ വിലയുള്ള ജീവിതം നഷ്ടപ്പെടുന്നു. ഈ ലോകത്ത് അവന്റെ ഭൗതികമായ എല്ലാ ഇച്ഛകളും പൂവണിയാവതല്ല തന്നെ. ഈ ദുഃഖകരമായ സത്യം വിശദീകരിക്കുന്നതിന്, ഒരു വ്യക്തിയെ ഉദാഹരണമായി എടുക്കാം. അവൻ പ്രതീക്ഷിക്കാതെ അവന് ആയിരം രൂപ പെട്ടെന്ന് കിട്ടി. മിക്കവാറും ഇത്തരം സന്ദർഭങ്ങളിൽ പെട്ടെന്നുള്ള ഒരു തീരുമാനമെന്ന നിലയിൽ, അവന്റെ ഹൃദയത്തിൽ പലതരത്തിലുള്ള ഭൗതിക ആഗ്രഹങ്ങളുടെ നിര തന്നെ രൂപപ്പെടുന്നു. ഓരോന്നിനും തനിക്ക് കിട്ടിയ 1000 രൂപ വീതമെങ്കിലും വേണം. അങ്ങനെ തനിക്ക് കിട്ടിയ ആയിരം രൂപ ഒന്നിനും മതിയാകുന്നില്ല; അതുകൊണ്ട് അവൻ കൂടുതൽ രൂപാ കിട്ടുവാൻ ആഗ്രഹിക്കുന്നു. നോക്കൂ! ഈ വ്യക്തി, കുറേ നിമിഷങ്ങൾക്കു മുമ്പ് വരെ, ശാന്തമായ ഒരു ഹൃദയത്തിനുടമയായിരുന്നു; കാരണം അവന് ഭൗതികമായ ഒന്നിനോടും ഒരാഗ്രഹവും ഇല്ലായിരുന്നു. എന്നാൽ പെട്ടെന്ന് ആഗ്രഹങ്ങളുടെ ഒരു വലിയ പട്ടിക തന്നെ നിരന്നു ഉടൻ പൂർത്തിയാക്കേണ്ടതായി. അവൻ ഇത്തരം ഭൗതിക വസ്തുക്കളെക്കുറിച്ച് കരുതിയിരുന്നില്ലെങ്കിൽ, അവൻ സ്വയം അതിനെ ഒഴിവാക്കുന്നില്ലെങ്കിൽ, അപ്പോൾ പുതിയതും, സങ്കൽപ്പിച്ചു വച്ചതുമായ ആഗ്രഹങ്ങൾ അവനെ കീഴ്പ്പെടുത്തുകയും എല്ലാ സമയവും അതിനായി നഷ്ടപ്പെടുകയും അവന്റെ യഥാർത്ഥ ഉത്തരവാദിത്വങ്ങൾ നിറവേറ്റാൻ സാധിക്കാതെ വരുകയും ചെയ്യുന്നു. അതായത് തന്റെ സ്യഷ്ടാവിനോടുള്ള ഉത്തരവാദിത്വങ്ങളും തന്റെ ചുറ്റുമുള്ള ആളുകളോടുള്ള ഉത്തരവാദിത്വങ്ങളും നിറവേറ്റാൻ കഴിയാതെ വരുന്നു.

**സൃഷ്ടാവിനെ തൃപ്തിപ്പെടുത്തുന്നതിലല്ല, ജനങ്ങളെ തൃപ്തിപ്പെടുത്തുന്നതിലാണ് അവന്റെ തീവ്രമായ ഇച്ഛ:–**

ഈ ആഗ്രഹം നിലനിൽക്കുന്ന ഒരാളിന്റെ ഹൃദയത്തിൽ നേരിട്ടു വളരുന്ന ഗുരുതരമായ ആത്മീയ രോഗങ്ങളിൽ പെട്ടതാണ് ആഢംബര ഭ്രമം. ഒരുവൻ ആരെയാണോ തൃപ്തിപ്പെടുത്തുവാൻ ശ്രമിക്കുന്നത് അവൻ അവന്റെ ദൈവമായി മാറുന്നു. അതേ ! അവന്റെ എല്ലാ പ്രവർത്തനങ്ങളും അതോടൊപ്പം അവന്റെ സ്വഭാവങ്ങളും അവന്റെ സമീപനങ്ങളും എല്ലാം തന്നെ, ഏതൊരു ഇച്ഛ തന്നെ ജീവിപ്പിക്കുന്നുവോ, അതിന്റെ പൂർത്തീകരണത്തിന് വേണ്ടിയായിരിക്കും ! മുസ്ലീം എന്ന നിലയിൽ നന്മ കൽപ്പിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുക എന്ന ഉത്തരവാദിത്വത്തിൽ നിന്ന് അകന്ന്, മറ്റുള്ളവരുടെ പൊള്ളയായ മുഖ സ്തുതിയിലമർന്ന്, തന്റെ ജീവിതത്തിന്റെ വിപരീത തീരത്ത് അവൻ എത്തിച്ചേരുന്നു.

**ധൃതി : –** പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) പറഞ്ഞു. **"ധൃതി പിശാചിന്റെ പ്രവർത്തിയാകുന്നു."** (തിർമിതി) ഒരു പ്രവർത്തി ചെയ്യുന്നതിന് മുമ്പ് സമയമെടുത്ത് ചിന്തിക്കേണ്ടതാണ്. അപ്രകാരം ചിന്തിക്കാതെ ധൃതിയിൽ ചെയ്യുകയാണെങ്കിൽ, അവന്റെ ചിന്താശേഷി ക്രമേണ ഭാഗീകമായി കുറയുകയോ / അല്ലെങ്കിൽ മൊത്തത്തിൽ കുറയുകയോ ചെയ്യുന്നതാണ്. തന്മൂലം അവനെടുത്ത തീരുമാനങ്ങളിൽ അതിന്റെ പ്രതിഫലനങ്ങൾ ഉണ്ടാവുന്നതാണ്. അവൻ പൈശാചിക നിർദ്ദേശങ്ങൾക്കിരയാകുന്നതിൽ അത്ഭുതപ്പെടാനില്ല.

**ആ ഇച്ഛ! തന്റെ ശത്രുവിനെ കൊച്ചാക്കി കാണിക്കുന്നതിനും വിഭാഗീയ ചിന്താഗതിക്കും വഴി വയ്ക്കുന്നു:-**

എതിർക്കുവാനുള്ള വാസന അനേകം ആളുകളിൽ കാണുന്ന ഒരു മനോഭാവമാണ്; എന്നാൽ അത് പല അളവുകളിൽ ആയിരിക്കും. ഈ വ്യക്തിത്വ ഗുണം സാത്താൻ സസൂക്ഷ്മം ചൂഷണം ചെയ്ത് വിപരീത വഴിയിൽ കൊണ്ടെത്തിക്കുന്നു. അങ്ങനെ ബന്ധപ്പെട്ട പ്രശ്നങ്ങളിൽ, ഒരു രീതിയിലല്ലെങ്കിൽ മറ്റൊരു രീതിയിൽ, മതപരമായ കാര്യങ്ങളിൽ, സാത്താൻ മനുഷ്യന് ഒരു തോന്നൽ നൽകുന്നു, അതായത് ഈ നിരൂപകന്മാർ മറ്റുള്ളവരുടെ നേരെ രൂപപ്പെടുത്തുന്ന കാര്യങ്ങൾ തികച്ചും ശരിയാണ് എന്ന്! അവർ നീതി സ്ഥാപിക്കുവാൻ ശ്രമിക്കുക മാത്രമാണ് എന്ന് പറയുന്നതാണ്. **ഫലം:-** തന്റെ തന്നെ ദൗർബല്യം മനസ്സിലാക്കുന്നതിന് പകരം, തന്റെ തെറ്റുകളും പാവങ്ങളും തിരുത്തുവാനും, പശ്ചാത്തപിക്കുവാനും തയ്യാറാകാതെ, അവൻ വിഭാഗീയ ചിന്താഗതിയുമായി മുന്നോട്ട് പോകുന്നു, അങ്ങനെ മറ്റുള്ളവരെ സ്ഥിരമായ നിരാസത്തിലൂടെ സാഫല്യം നേടിയതായി കരുതുന്നു.

**തർക്ക വിതർക്ക കാര്യങ്ങൾ ഏറ്റെടുക്കൽ :-**

ഇതും സാത്താൻ ഏറ്റെടുത്തു നടത്തുന്ന ഒരു പ്രവർത്തിയാണ്. അത്യാവശ്യ കാര്യങ്ങളിൽ നിന്നും മനുഷ്യനെ തെറ്റിക്കലാണിത്; അതായത് വ്യക്തിപരമായ സംസ്ക്കരണത്തിന് കൂടുതലായി അല്ലാഹുവുമായി അടുക്കലായിരുന്നു അഭികാമ്യം. കാര്യമില്ലാതയെല്ല പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) പറഞ്ഞത് **"തർക്കം പറഞ്ഞ് തീർക്കുകയോ ഒഴിവാക്കുകയോ ചെയ്യുന്നതാണ് ഏറ്റവും നല്ല ഗുണം, ഒരുവൻ ശരിയിലാണെങ്കിൽ പോലും!"**

മനുഷ്യ ഹൃദയങ്ങളിൽ, തന്റെ ദുഃസ്വാധീനം ചെലുത്തുവാൻ സാത്താൻ പ്രയത്നിക്കുന്ന പ്രധാന ആന്തരിക പിടിവള്ളികളാണ് ഇവിടെ വിവരിച്ചിരിക്കുന്നത്. ആയതിനാൽ നമ്മുടെ മേൽ നിർബന്ധമായിരിക്കുകയാണ്, നാം ഇരട്ടി ജാഗ്രതയിലായിരിക്കണം ! സാത്താൻ തുറക്കുന്ന ഈ വഴികൾ അടയ്ക്കുവാൻ സദാ ശ്രമിക്കേണ്ടതാണ്. അതിനായി നാം നമ്മുടെ ആത്മീയ സംസ്ക്കരണം ഇരട്ടിയായി വർദ്ധിപ്പിക്കണം, നല്ല പ്രവർത്തനങ്ങൾ ചെയ്തുകൊണ്ട്! എന്നാൽ ഇതിനെല്ലാം ഉപരിയായി നാം അല്ലാഹുവിനോട് ഇതിനുള്ള സഹായം കേണപേക്ഷിച്ചുകൊണ്ടിരിക്കേണ്ടതാണ്.

സാത്താന്റെ പിടിയിൽ നിന്നും അല്ലാഹു നമ്മെ സംരക്ഷിക്കട്ടെ ! നമ്മെ നേർപാതയിൽ അവൻ നയിക്കട്ടെ ! എപ്പോഴും നല്ലതു പ്രവർത്തിക്കുവാനുള്ള കഴിവ് പ്രദാനം ചെയ്യട്ടെ ! ഇസ്ലാമിന്റെ അധ്യാപനങ്ങളുടെ ചുമതല ഏറ്റെടുത്ത് നടത്തുവാൻ കഴിയട്ടെ ! മുഹമ്മദ് മുസ്തഫ (സ)യുടെ മാതൃക പിന്തുടരുവാനുള്ള സൗഭാഗ്യം നൽകി അനുഗ്രഹിക്കട്ടെ ! ആമീൻ.

**Translated & Issued By**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 9495207982 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*

*****************